**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5093 — 22.05.2017- ൽ മറുപടിയ്ക്ക്

**ചാലക്കുടി ഒ.എൽ. ജോസിന് പട്ടയം കിട്ടുന്നതിന് നടപടി**

| ചോദ്യം<br>**ശ്രീ.ബി.ഡി.ദേവസ്സി** | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) ചാലക്കുടി താലൂക്കിൽപ്പെട്ട കിഴക്കം മുറി വില്ലേജ്, കൊരട്ടി ദേശത്ത് ഒ.എൽ. ജോസ്, ഒലിയപുറം വീട്, കൊരട്ടിയുടെ "ഇടവഴി പുറമ്പോക്ക്" ഭൂമിയ്ക്ക് പട്ടയം കിട്ടുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ (File No.29045/L3/14/RD) സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>ബി) ഉണ്ടെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണ്; | (എ) & (ബി) | ചാലക്കുടി താലൂക്ക് കിഴക്കംമുറി വില്ലേജ് ഒ.എൽ.ജോസ്, ഒലിയപുരം വീട്, കൊരട്ടി എന്നവരുടെ കൈവശത്തിലുള്ള ഭൂമി ഇടവഴി പുറമ്പോക്കിൽപ്പെട്ടതും കൊരട്ടി ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതുമാണ്. പ്രസ്തുത ഭൂമി റവന്യൂ വകുപ്പിലേക്ക് പുനർ നിക്ഷിപ്തമാക്കി നൽകുന്നതിന് ശ്രീ.ഒ.എൽ.ജോസിന്റെ അപേക്ഷ കൈകാര്യം ചെയ്യുന്ന ഫയൽ (29045/L3/14/RD) 17.06.2016-ൽ തദ്ദേശ സ്വയം ഭരണ വകുപ്പിന് നൽകിയിട്ടുള്ളതാണ്. |
| സി) കാലവിളംബം കൂടാതെ പ്രസ്തുത അപേക്ഷയിൽ തീർപ്പു കൽപ്പിക്കുന്നതിനും പട്ടയം അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ? | (സി) | പ്രസ്തുത ഭൂമി തദ്ദേശസ്വയംഭരണ വകുപ്പ് റവന്യൂ വകുപ്പിലേക്ക് പുനർ നിക്ഷിപ്തമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞാൽ മാത്രമെ നിലവിലെ നിയമത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.ജോസിന് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**